## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം-പൊതുഭരണ വകുപ്പിലെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീമതി.പി.എൻ.പ്രസന്നകുമാരി എറണാകുളം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അനുമതിയില്ലാതെ അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് അന്യത്ര സേവന കാലയളവായി ക്രമീകരിച്ച ഉത്തരവു പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ)നം.**2738/2018/തസ്വഭവ** തീയതി,തിരുവനന്തപുരം.**26/10/2018,**

---

പരാമർശം : 1) സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2) സർക്കാർ ഉത്തരവ് (സാധാ) നം.1982/15/തസ്വഭവ തീയതി 01/07/2015.

3) സ.ഉ.(സാധാ) നം 2783/2016/തസ്വഭവ, തീയതി 01.10.2016.

4) ശ്രീമതി.പി.എൻ.പ്രസന്നകുമാരിയുടെ 05.10.2017 ലെ അപേക്ഷ.

5) എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2017 ലെ ഡിപി2-25/98 നംപർ കത്ത്.

## ഉത്തരവ്

പൊതുഭരണ വകുപ്പിലെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീമതി.പി.എൻ.പ്രസന്നകുമാരിയ്ക്ക് എറണാകുളം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നൽകുകയും പരാമർശം (3) ഉത്തരവ് പ്രകാരം 08.07.2016 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിലെ നിയമനം ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നു. പ്രസ്തുത കാലാവധി 07.07.2017 ൽ അവസാനിച്ചതിനെ തുടർന്ന് 08.07.2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ടിയാൾ അപേക്ഷ സമർപ്പിക്കുകയും ആയത് നിരസിക്കുകയും ചെയ്തിട്ടുണ്ട്.

2. അന്യത്രസേവന കാലയളവ് 07.07.2017 ന അവസാനിച്ചു എങ്കിലും ആയതു ദീർഘിപ്പിച്ചു ലഭിക്കും എന്ന പ്രതീക്ഷയിൽ ടിയാൾ അന്യത്ര സേവനത്തിൽ തുടർന്നു. എന്നാൽ അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകാത്ത സാഹചര്യത്തിൽ ടിയാൾ 14.09.2017 ന എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുകയും 15.09.2017 ന പൊതു ഭരണ വകുപ്പിൽ സേവനത്തിൽ പുനഃപ്രവേശിക്കുകയുണ്ടായി. തുടർന്ന്, ശ്രീമതി.പി.എൻ.പ്രസന്നകുമാരി എറണാകുളം ജില്ലാ പഞ്ചായത്തിൽ സർക്കാർ അനുമതിയില്ലാതെ തുടർന്ന 08.07.2017 മുതൽ

14.09.2017 വരെയുള്ള കാലയളവ്, അന്യത്ര സേവന കാലയളവായി ക്രമീകരിച്ചു നൽകണമെന്നാവശ്യപ്പെട്ടു പരാമർശം(4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലാ പഞ്ചായത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രീമതി.പി.എൻ.പ്രസന്നകുമാരിയുടെ സേവനം തികച്ചും അനിവാര്യമാണെന്നും ടിയാളെ വിടുതൽ ചെയ്താൽ പദ്ധതി പ്രവർത്തനങ്ങളും മറ്റ് യോഗ നടപടിക്രമങ്ങളും താളം തെറ്റുമെന്നതിനാലാണ് അന്യത്രസേവന കാലാവധി കഴിഞ്ഞിട്ടും ടിയാളെ വിടുതൽ ചെയ്യാതിരുന്നതെന്നും പരാമർശം(5) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതു പരിഗണിച്ച് പൊതു ഭരണ വകുപ്പിലെ പേഴ്സണൽ അസിസ്റ്റന്റ് ആയ ശ്രീമതി.പി.എൻ.പ്രസന്നകുമാരി, അനുവദിച്ച അന്യത്ര സേവന കാലയളവിന് ശേഷം, എറണാകുളം ജില്ലാ പഞ്ചായത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തുടർന്ന 08.07.2017 മുതൽ 14.09.2017 വരെയുള്ള കാലയളവ് അന്യത്ര സേവന കാലയളവായി ക്രമീകരിച്ചു കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡൻറ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം
പൊതുഭരണ (സർവീസസ് ഇ)വകുപ്പ്
ധന വകുപ്പിന്(12.07.2018 ലെ DEV-1/198/2018-FIN നമ്പർ കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
ശ്രീമതി.പി.എൻ.പ്രസന്നകുമാരി, പേഴ്സണൽ അസിസ്റ്റന്റ്, O/o അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ 1/322/2017/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ